# <u>പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം</u>
## <u>ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1</u>

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം- സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ഒന്നാം വർഷത്തെ 23 വിദ്യാർത്ഥികൾക്ക് കൂടി ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവാകുന്നു.

---

**നം. എ3/2378/2018/പ്ര.പ.ക** **തീയതി: 29.08.2019**

---

പരാമർശം:
(1) ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
(2) ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
(3) ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
(4) ജി.ഒ (പി) നം. 40/ 2018 /ആ.കു.വ. തീയതി 09.04.2018.
(5) വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ.
(6) ജില്ലാ കളക്ടർമാരിൽനിന്നു ലഭിച്ച പുന:പരിശോധനാ റിപ്പോർട്ടുകൾ.
(7) ഈ കാര്യാലയത്തിലെ 31.05.2019-ലെ ഇതേ നം.ഉത്തരവ്.
(8) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 25.06.2019-ലെ AFRC 100/17/MBBS/ CFBPL നം. കത്ത്.
(9) ഈ കാര്യാലയത്തിലെ 26.07.2019, 14.08.2019 എന്നീ തീയതികളിലായി AFRC-ക്ക് നൽകിയ കത്തുകൾ.
(10) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 06.08.2019, 16.08.2019 എന്നീ തീയതികളിലെ AFRC 100/17/MBBS/ CFBPL നം. ഉത്തരവുകൾ.
(11) കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്, പ്രിൻസിപ്പാളിന്റെ 27.08.2019-ലെ ബി.1/4240/15/ജി.എം.സി.കെ.
(12) അഡ്മിഷൻ& ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 13.08.2018-ലെ AFRC 50/17/MBBS/ ACME നം. ഉത്തരവ്.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017-18 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാരത്ഥികൾ ബി.പി.എൽ. സ്കോളർഷിപ്പിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻമേൽ വിവിധ ജില്ലാ കളക്ടർ മാർ നൽകിയ പരിശോധനാ റിപ്പോർട്ടുകളിലെ വെയ്റ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിൽ വെയ്റ്റേജ് 30 മാർക്കും അതിൽ കൂടുതലും ലഭിച്ച 65 വിദ്യാർത്ഥികൾക്ക് പരാമർശം (7) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവ് നൽകുകയും, പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക കോർപ്പസ് ഫണ്ടിൽനിന്നും വിതരണം ചെയ്തതുമാണ്.

വിവിധ ജില്ലാകളക്ടർമാർ നൽകിയ പരിശോധനാ റിപ്പോർട്ടുകളിലെ വെയിറ്റേജ് മാർക്ക് സംബന്ധിച്ച് ആക്ഷേപം ഉള്ളവർക്ക് ആക്ഷേപം ഉന്നയിക്കാൻ അവസരം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായ പരാതികളിൽ പുനഃപരിശോധനാർഹമെന്ന് പ്രഥമദൃഷ്ട്യാൽ കണ്ട അപേക്ഷകൾ പുനഃപരിശോധനയ്ക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകി യിരുന്നു. അതോടൊപ്പം, പുനഃപരിശോധനാർഹമല്ലെന്ന് പ്രഥമ ദൃഷ്ട്യാൽ കണ്ട പരാതികൾ അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷന്റെ പരിശോധനയ്ക്കും തീർപ്പാക്കുന്നതിനുമായി അയക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത പരാതികൾ കൂടി പുന:പരിശോധനകൾക്ക് വിധേയമാക്കുന്നതിനായി പരാമർശം (8) പ്രകാരം പ്രസ്തുത പരാതികൾ തിരികെ ഈ കാര്യാലയത്തിലേക്ക് നൽകിയിരുന്നു. അതിൻപ്രകാരം പ്രസ്തുത അപേക്ഷകൾ പുന:പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി അതാത് ജില്ലാകളക്ടർമാർക്ക് ഈ കാര്യാലയത്തിൽനിന്നും അയക്കുകയുണ്ടായി.

പുന:പരിശോധനാറിപ്പോർട്ടുകൾക്കായി വിവിധ ജില്ലാകളക്ടർമാർക്ക് നൽകിയ അപേക്ഷകളിൽ 49 പേരുടെ പുന:പരിശോധനാറിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പുന:പരിശോധനാറിപ്പോർട്ടുകളിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ജില്ലാ കളക്ടർമാർ നൽകിയ റിപ്പോർട്ട് പ്രകാരം വെയ്റ്റേജ് 30 ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതിനായി പ്രസ്തുത അപേക്ഷകൾ അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റിക്ക് പരാമർശം (9) പ്രകാരം ഈ ഓഫീസിൽനിന്നും അയച്ചിരുന്നു.അതിൻപ്രകാരം അർഹതപ്പെട്ട 23 (19+4) വിദ്യാർത്ഥികൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷന്റെ പരാമർശം (10) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ, എറണാകുളം ജില്ലാ കളക്ടർ നൽകിയ പുന:പരിശോധനാ റിപ്പോർട്ടിൽ ശ്രീ. മുഹമ്മദ് സുഹൈയിൽ. പി.എസ്. എന്ന വിദ്യാർത്ഥിക്ക് വെയിറ്റേജ് 30 മാർക്കിൽ കൂടുതൽ നൽകിയിട്ടുണ്ട്, അതോടൊപ്പം ശ്രീ. മുഹമ്മദ് സുഹൈലിന്റെ പിതാവിന്റെ പേരിലുള്ള വീടിന് 2500 ച.ഫീറ്റ് വിസ്തീർണ്ണമുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഗ്നസ് സാറാ ജോബി എന്ന വിദ്യാർത്ഥിക്കും വെയ്റ്റേജ് 30 മാർക്ക് നൽകിയിട്ടുണ്ട്, എന്നാൽ ആഗ്നസ് സാറാ ജോബി ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്നതല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുള്ളതായി അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ പരാമർശം (10) പ്രകാരം അറിയിച്ചിട്ടുമുണ്ട്. ഇത് സംബന്ധിച്ച തീരുമാനം വരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ 2017–18 അധ്യയനവർഷം സ്വകാര്യസ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ഒന്നാം വർഷ വിദ്യാർത്ഥികൾക്ക്, പരാമർശം (7) പ്രകാരം 65 വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിനുപുറമേ താഴെപ്പറയുന്ന 22 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ പരാമർശം (4) പ്രകാരം അതാത് കോളേജുകൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസിന്റെ 90% തുകയും, കുമാരി. സ്നേഹമേനോൻ.കെ. എന്ന വിദ്യാർത്ഥി (ക്രമ നം.(9)) 2017–18 അധ്യയനവർഷം ട്യൂഷൻ ഫീസിനത്തിൽ ബന്ധപ്പെട്ട കോളേജിൽ അടച്ചിട്ടുള്ള തുക 2,50,000/– രൂപയാണ് എന്നു പരാമർശം (11) പ്രകാരം കോളേജ് അധികൃതർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ട്യൂഷൻ ഫീസിനത്തിൽ കുമാരി. സ്നേഹമേനോൻ.കെ. കോളേജിൽ അടച്ച തുകയുടെ 90% തുകയും ബി.പി.എൽ

സ്കോളർഷിപ്പായി അനുവദിച്ച് (ആകെ 23 വിദ്യാർത്ഥികൾക്ക്) താഴെപ്പറയുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | റോൾ നം. | പേര് | കോളേജിന്റെ പേര് | വെയിറ്റേജ് മാർക്ക് (Out of 100) | ട്യൂഷൻ ഫീസ് (AFRC നിശ്ചയിച്ചിട്ടുള്ളത്) | ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്ന തുക (ട്യൂഷൻ ഫീസിന്റെ 90% തുക) |
|---|---|---|---|---|---|---|
| 1 | 216056 | ANZILA ASHIK R | Sree Gokulam Medical College, Venjaramoodu, Thiruvananthapuram | 35 | 4,85,000/- | 4,36,500/- |
| 2 | 226724 | NEETHU MOHAN | DM WIMS Medical College Wayanad | 40 | 5,18,560/- | 4,66,704/- |
| 3 | 120725 | SREEJITH.D.S | Pushpagiri Institute of Medical Science & Reserch Centre, Thiruvalla | 32 | 4,85,000/- | 4,36,500/- |
| 4 | 118074 | AMINA.S. | Al Azhar Medical college & Super speciality Hospital, Thodupuzha. Idukki | 34 | 4,85,000/- | 4,36,500/- |
| 5 | 123858 | MEGHA PRADEEP | Malabar Medical College Hospital, Kozhikkode | 31 | 4,85,000/- | 4,36,500/- |
| 6 | 224783 | PRASEETHA P | Sree Gokulam Medical College& Research Foundation, Venjaramoodu, Thiruvananthapuram | 35 | 4,85,000/- | 4,36,500/- |
| 7 | 128909 | MONCY PAUL | Pushpagiri Institute of Medical Science & Reserch Centre, Thiruvalla | 32 | 4,85,000/- | 4,36,500/- |
| 8 | 227953 | ALFIYA NAVAS | Al Azhar Medical college & Super speciality Hospital, Thodupuzha. Idukki | 41 | 4,85,000/- | 4,36,500/- |
| 9 | 225430 | SNEHA MENON K | Academy of Medical Science, Pariyaram, Kannur | 36 | 4,85,000/- | 2,25,000/- |
| 10 | 172512 | RANEESH KM | Sree Gokulam Medical College& Research Foundation, Venjaramoodu, Thiruvananthapuram | 32 | 4,85,000/- | 4,36,500/- |
| 11 | 173931 | SHERIN SHAHANA | Karuna Medical College, Vilayodi, Chittur, Palakkad. | 32 | 4,68,000/- | 4,21,200/- |
| 12 | 185288 | VARSHA SK | SUT Academy of medical science, Vattappara, Thiruvananthapuram | 46 | 4,60,560/- | 4,14,504/- |
| 13 | 217188 | UPANYA SURESH | Malabar Medical College Hospital, Kozhikkode | 31 | 4,85,000/- | 4,36,500/- |

| | | | | | | |
|---|---|---|---|---|---|---|
| 14 | 192800 | HIBA SHERIN E | Malankara Orthodox Syrian Church Medical College, Kolen chery, Ernakulam | 31 | 4,85,000/- | 4,36,500/- |
| 15 | 191215 | NIKHIL K | SUT Academy of medical science, Vattappara, Thiruvananthapuram | 31 | 4,60,560/- | 4,14,504/- |
| 16 | 208409 | ASHINA C | MES Medical College, Perinthalmanna, Malappuram. | 31 | 4,85,000/- | 4,36,500/- |
| 17 | 203867 | ANUSREE PT | DM WIMS Medical College Wayanad | 34 | 5,18,560/- | 4,66,704/- |
| 18 | 202011 | JASNIYA KP | Kannur Medical College, Anjarakandy, Mamba, Kannur | 32 | 4,85,000/- | 4,36,500/- |
| 19 | 219936 | SHAHLA SHAHASADHI KC | MES Medical College, Perinthalmanna, Malappuram. | 32 | 4,85,000/- | 4,36,500/- |
| 20 | 214937 | BHAGYA S LEKSHMI | SUT Academy of medical science, Vattappara, Thiruvananthapuram | 30 | 4,60,560/- | 4,14,504/- |
| 21 | 214804 | ABIYA KUNJUMON | Jubilee Mission Medical College & Research Institute, Thrisur. | 35 | 4,85,000/- | 4,36,500/- |
| 22 | 218243 | ARYA ASHOK | Al Azhar Medical college & Super speciality Hospital, Thodupuzha. Idukki | 32 | 4,85,000/- | 4,36,500/- |
| 23 | 134923 | ASHIM S | Travancore Medical College, Umayanalloor, Kollam. | 32 | 4,85,000/- | 4,36,500/- |

മേൽ പരാമർശിക്കുന്ന വിദ്യാർത്ഥികൾ പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ബോണ്ട് സമർപ്പിച്ചിരിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

***പകർപ്പ്:-***

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്.
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറണ്ട് ഫയൽ.